## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **1966** | 08.03.2018 - ൽ മറുപടിയ്ക്ക് |
|---|---|

### വാറ്റ്- ജി.എസ്.ടി താരതമ്യ പഠനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.അബ്ദുൽ ഹമീദ് പി | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | വാറ്റ് നികുതി കാലഘട്ടത്തിൽ നിന്നും ജി.എസ്.ടി. യിലേക്ക് മാറിയപ്പോഴുണ്ടായ നികുതി വരുമാനത്തെ താരതമ്യ പഠനത്തിനു വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ; | (എ) | താരതമ്യപഠനം നടത്തിയിട്ടില്ല. |
| (ബി) | ജി.എസ്.ടി. യിലേക്ക് മാറിയപ്പോൾ നികുതി വരുമാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) | നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വർദ്ധന കൈവരിയ്ക്കാനായില്ലെങ്കിലും കുറവുണ്ടായിട്ടില്ല. |
| (സി) | ജി.എസ്.ടി.യിൽ നികുതി വെട്ടിപ്പിന് സാധ്യതകൾ ഉണ്ടോയെന്നും എങ്കിൽ ഇത് തടയുന്നതിന് എന്താണ് പരിഹാരമെന്നും വ്യക്തമാക്കുമോ ? | (സി) | സാധ്യത ഇല്ലാതില്ല. എന്നാൽ ജി.എസ്.ടി പൂർണ്ണമായും ഓൺലൈൻ സംവിധാനമാണ്. ഇത് അക്കൗണ്ടിംഗ് കൂടുതൽ സുതാര്യമാക്കുകയും പരിശോധന എളുപ്പമാക്കുകയും ചെയ്യും. ഇ-വേ ബിൽ നിർബന്ധമാക്കുന്നതോടെ ചരക്കുനീക്കത്തിന്റെ വിവരങ്ങൾ തുടക്കത്തിൽ തന്നെ ഓൺലൈനായി റെക്കോർഡ് ചെയ്യപ്പെടുന്നു. ഇതുമൂലം നികുതിവെട്ടിപ്പ് ഗണ്യമായി കുറയും. |

**സെക്ഷൻ ഓഫീസർ**